# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: X** | **DEPARTMENT: MALAYALAM** | **DATE : 06/06/2023** |
| **Class Note** | **Lesson: ഉപന്യാസങ്ങൾ - 1** | **Topic: Descriptive** |

## മാതൃഭാഷാപഠനം

നമ്മെ പ്രസവിച്ച അമ്മയുടെ സ്ഥാനമാണ് മാതൃഭാഷയ്ക്കുള്ളത്. മറ്റു ഭാഷകളെല്ലാം വെറും വളർത്തമ്മമാർ. 'ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസി' എന്ന് വാല്മീകി രാമായണത്തിൽ പറയുന്നുണ്ട്. അമ്മയും പിറന്ന നാടും സ്വർഗ്ഗത്തെക്കാൾ മാഹാത്മ്യം അർഹിക്കുന്നുവെന്നു സാരം. അതേ പ്രാധാന്യം തന്നെയാണ് മാതൃഭാഷയ്ക്കുമുള്ളത്. "നമ്മുടെ ഭാഷതാൻ എൻ തറവാട്ടമ്മ. അന്യയാം ഭാഷ വിരുന്നുകാരി" എന്നുള്ള കവി വാക്യവും മാതൃഭാഷയുടെ പ്രാധാന്യം ചൂണ്ടിക്കാട്ടുന്നു.

ഇന്ന് മാതൃഭാഷയെന്നു കേൾക്കുന്നതു തന്നെ പലർക്കും പുച്ഛമാണ്. നമ്മുടെ തൊട്ടടുത്ത നാടായ തമിഴ്നാട്ടിലെ ജനങ്ങൾ തമിഴ്ഭാഷയെ എത്രമാത്രം സ്നേഹിക്കുന്നുവെന്നു മനസ്സിലാക്കിയാലേ മാതൃഭാഷയുടെ മഹത്ത്വം നമുക്ക് ബോധ്യമാവുകയുള്ളു.

ഇന്ന് എല്ലാ മേഖലകളിലും ഇംഗ്ലീഷ് സ്വാധീനമാണ് തെളിഞ്ഞു കാണുന്നത്. സംസ്കാരം, വസ്ത്രം, ഭക്ഷണം, തുടങ്ങിയവയിലെല്ലാം ആ സ്വാധീനം കാണാം. പക്ഷേ അതിന്റെ പേരിൽ മലയാളത്തനിമ നാം കളഞ്ഞുകുളിക്കരുത്. എവിടെച്ചെന്നാലും നാം മലയാളിയാണെന്നും മലയാളമാണ് നമ്മുടെ മാതൃഭാഷയെന്നും തുറന്നുപറയാൻ മടി കാട്ടരുത്.

മലയാളം അറിയാത്ത വിദേശമിഷനറിമാർ കേരളത്തിൽ വന്ന്, മലയാളം പഠിക്കുകയുണ്ടായി. അവരിൽ പലരും നമ്മുടെ ഭാഷയ്ക്ക് ലക്ഷണയുക്തമായ വ്യാകരണവും നിഘണ്ടുവും രചിച്ചിട്ടുണ്ട്. ഹെർമൻ ഗുണ്ടർട്ട് എന്ന ജർമ്മൻ പാതിരിയാണ് മലയാളത്തിലെ ആദ്യനിഘണ്ടു തയ്യാറാക്കിയത്. അതിനും വളരെക്കഴിഞ്ഞാണ് മലയാളികളുടെ ശ്രദ്ധ ആ വഴിക്കു തിരിഞ്ഞത്.

നമ്മുടെ  വിദ്യാലയങ്ങൾ മിക്കതും ഇംഗ്ലീഷ് മീഡിയങ്ങളായി മാറിക്കൊണ്ടിരിക്കുന്നത് നമ്മെ ഭാഷയോടകറ്റുന്ന ഒരു ഘടകമാണ്. ജോലി സാധ്യതയും മറ്റും വച്ചു നോക്കുമ്പോൾ അതാണ് നമുക്കാവശ്യമായ വിദ്യാഭ്യാസരീതി എന്നും തോന്നാം. പക്ഷേ, അപ്പോഴും മാതൃഭാഷയെ നാം മറക്കാൻ പാടില്ല.  ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ പോലും മാതൃഭാഷയ്ക്ക് അർഹിക്കുന്ന പ്രാധാന്യം കൊടുത്താൽ അത് ഭാഷയോടു ചെയ്യുന്ന ആദരവ് ആയിരിക്കും. കേന്ദ്രസർക്കാരിന്റെ പുതിയ വിദ്യാഭ്യാസനയത്തിൽ മാതൃഭാഷാപഠനത്തിന് ഏറെ പ്രാധാന്യം നൽകിയിട്ടുണ്ടെന്നത് ആശ്വാസകരമാണ്.

***

## പുസ്തകം ഒരു സുഹൃത്ത്/ വായനാശീലം

ഗ്രന്ഥശാലാസംഘത്തിന്റെ 'വായിക്കുക വളരുക' എന്ന മുദ്രാവാക്യം അർത്ഥവത്താണ്. ഒരു വ്യക്തി നേടുന്ന വിദ്യാഭ്യാസത്തിന്റെ കാൽഭാഗം മാത്രമേ ഔപചാരിക വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്നുള്ളു. ബാക്കിയുള്ളതിന്റെ ഭൂരിഭാഗവും വായനയിൽ കൂടി ലഭിക്കേണ്ടതാണ്.

പുസ്തകം ഒരു അടുത്ത ചങ്ങാതിയാണ്. ഗുണകരമായതും മാനസികവികാസത്തിന് ഉതകുന്നതുമായ പുസ്തകങ്ങൾ നാം വായിക്കേണ്ടിയിരിക്കുന്നു. ചീത്തപ്പുസ്തകങ്ങൾ വിഷം കലർന്ന ആഹാരം പോലെ നമ്മെ നശിപ്പിക്കും. കൂട്ടുകാരനിൽ നിന്ന് എന്നപോലെ പുസ്തകം മനസ്സിന് ഉല്ലാസം നൽകുന്നു. വിശ്രമവേളയിലെ നല്ല വിനോദമാണ് വായന. പുസ്തകവായന മനസ്സിന്റെ ശാന്തിയും ശക്തിയും വർദ്ധിപ്പിക്കുന്നു.

പുസ്തകം ഒരു നല്ല മാർഗ്ഗദർശിയാണ്. ജീവിതമാകുന്ന വഴിയിൽ പലപ്പോഴും നമുക്ക് സഹായമാവുന്നത് വായനയിൽ നിന്ന് ലഭിക്കുന്ന അറിവും അനുഭവങ്ങളുമാവും. തലമുറകളായി മനുഷ്യരാശി സമാർജിച്ച അനുഭവങ്ങളുടെ രത്നശേഖരമാണ് ഗ്രന്ഥങ്ങൾ. ജീവിതത്തിൽ പ്രശ്നങ്ങൾക്കു മുൻപിൽ പകച്ചു പോകുന്നവർ വായനയുടെ കാര്യത്തിൽ ദരിദ്രരാണെന്ന കാര്യം മറക്കരുത്.

അറിവു പകരുന്ന ഗുരുനാഥനായ കൂട്ടുകാരനാണ് പുസ്തകം. വടിയെടുക്കാതെയും കണ്ണുരുട്ടാതെയും നമ്മെ പഠിപ്പിക്കുന്ന പുസ്തകങ്ങൾ അറിവിന്റെ വിശാലചക്രവാളത്തിലേക്ക് നമ്മെ നയിക്കുന്നു. അധ്യാപകൻ സുഹൃത്താവുക, സുഹൃത്ത് അധ്യാപകനാവുക ഇതു രണ്ടും പുസ്തകത്തിന്റെ കാര്യത്തിൽ അർത്ഥവത്താണ്.

നല്ല പുസ്തകങ്ങൾ സൂക്ഷിക്കുന്ന ഒരു ഗ്രന്ഥശാല മെച്ചപ്പെട്ട ഒരു സർവ്വകലാശാലയാണ്. എന്നാൽ ചീത്തപ്പുസ്തകങ്ങൾ അപകടകാരിയായ സുഹൃത്തിനെ പോലെ നമ്മെ കുഴിയിൽ ചാടിക്കും. അതിനാൽ നല്ല പുസ്തകങ്ങളായിരിക്കണം നാം തിരഞ്ഞെടുത്തു വായിക്കേണ്ടത്. മാധ്യമങ്ങൾ ദുഷിച്ചാൽ അതു സമൂഹനാശത്തിന് കാരണമാകുമെന്ന് ബുദ്ധിജീവികൾ പറയുന്നത് അതുകൊണ്ടാണ്.

പുസ്തകം നമ്മുടെ അടുത്ത സുഹൃത്താണെന്നു പറയുന്നതിൽ നിരവധി ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. പുസ്തകസുഹൃത്ത് കാലദേശാതീതമായി നമ്മിൽ വർത്തിക്കുന്നു. വിനോദം, വിജ്ഞാനം, എന്നിങ്ങനെയുള്ള അംശങ്ങളിൽ അത് നമുക്ക് ആത്മമിത്രമായിത്തീരുന്നു.

***

# വൃദ്ധജനങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ഇന്നലത്തെ യുവാക്കളാണ് ഇന്നത്തെ വൃദ്ധർ. അവർ മാതാപിതാക്കളോ കുടുംബമില്ലാത്തവരോ ആകാം. മക്കൾക്കും മറ്റുള്ളവർക്കുമായി ജീവിതം മാറ്റി വച്ചവരാകാം. അന്യരുടെ അനുകമ്പയും ആശ്രയവും ആവശ്യമായി വരുന്ന ജീവിതാന്ത്യത്തിൽ അവർ അശരണരായിത്തീരുന്നത് അത്യന്തം വേദനാജനകമാണ്. ഒറ്റപ്പെട്ടു പോകുന്ന മുത്തശ്ശന്മാരെയും മുത്തശ്ശിമാരെയും സംരക്ഷിക്കേണ്ട കടമ നാം ഓരോരുത്തർക്കുമുണ്ട്.

ഇന്ന് ഇന്ത്യയിൽ അനാഥരായിത്തീരുന്ന വൃദ്ധരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരികയാണ്. അടുത്ത കാലത്ത് പുറത്തുവന്നിട്ടുള്ള പല പഠനങ്ങളും സൂചിപ്പിക്കുന്നത് ഇന്ത്യയിലെ പ്രധാനപ്പെട്ട പട്ടണങ്ങളിലെല്ലാം വൃദ്ധസദനങ്ങളും അനാഥാലയങ്ങളും പെരുകിക്കൊണ്ടിരിക്കുന്നു എന്നാണ്.

കൂട്ടുകുടുംബസമ്പ്രദായം അണുകുടുംബത്തിന് വഴി മാറിയതും ജനപ്പെരുപ്പം കുറഞ്ഞതും ഇന്ത്യയിൽ വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. കുട്ടികൾ മറ്റു സ്ഥലങ്ങളിലേക്ക് ജോലി തേടിപ്പോവുകയോ കുടുംബകലഹം മൂലം തെറ്റിപ്പിരിയുകയോ ചെയ്യുമ്പോൾ ഒന്നോ രണ്ടോ മക്കൾ മാത്രമുള്ള മാതാപിതാക്കൾ ഒറ്റപ്പെട്ടു പോകുന്നു.

വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ വൃദ്ധരുടെ എണ്ണം വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ട്. മാന്യമായ തൊഴിലിനും ജീവിതസൗകര്യത്തിനും വേണ്ടി കുട്ടികൾ മറ്റു സ്ഥലങ്ങളിലേക്കു കുടിയേറുമ്പോൾ മാതാപിതാക്കൾ കുടുംബത്തിൽ അനാഥരായിത്തീരുന്നു. ഇന്ന് വൃദ്ധമന്ദിരങ്ങളിൽ കഴിയുന്ന പല മാതാപിതാക്കളുടെയും മക്കൾ വിദേശരാജ്യങ്ങളിൽ സ്ഥിരതാമസമാക്കിയവരോ തൊഴിൽ ചെയ്യുന്നവരോ ആണ്.

സമൂഹത്തിൽ നിലനിൽക്കുന്ന കപടമായ അഭിമാനബോധവും നിസ്സാരകാര്യങ്ങൾ കൊണ്ടുണ്ടാകുന്ന കുടുംബകലഹങ്ങളും പലപ്പോഴും വൃദ്ധരെ അനാഥരാക്കാറുണ്ട്. സ്വാർത്ഥതയും അസഹിഷ്ണുതയുമാണ് ഈ സ്ഥിതിവിശേഷത്തിനു കാരണം.

വൃദ്ധരെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവത്കരണമാണ് വൃദ്ധരെ സംരക്ഷിക്കാനുള്ള നടപടികളിൽ പ്രധാനം. വളർന്നു വരുന്ന കുട്ടികളിലാണ് ഈ അവബോധം അധികമായി രൂപം കൊള്ളേണ്ടത്. പാഠ്യപദ്ധതികൾ, പഠനക്ലാസുകൾ, കലാപരിപാടികൾ തുടങ്ങിയവയെല്ലാം ബോധവത്കരണത്തിനുള്ള മാധ്യമങ്ങളായി തിരഞ്ഞെടുക്കാം.

***

## അഴിമതി നിർമ്മാർജ്ജനം

നീതിവിരുദ്ധമായ പ്രവൃത്തിയാണ് അഴിമതി. ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ അഴിമതി പടരുക എളുപ്പമാണ്. ജനങ്ങളുടെയും രാജ്യത്തിന്റെയും നന്മയ്ക്ക് അഴിമതി നിർമ്മാർജ്ജനം അത്യന്താപേക്ഷിതമാണ്. നിയമ നടപടികളിലൂടെയും കാര്യക്ഷമമായ ജനമുന്നേറ്റത്തിലൂടെയും മാത്രമേ അഴിമതി നിർമ്മാർജ്ജനം സാധ്യമാവുകയുള്ളു.

സത്യസന്ധമല്ലാത്ത മാർഗ്ഗത്തിലൂടെ കാര്യങ്ങൾ നേടിയെടുക്കാനും സാധിച്ചു കൊടുക്കാനുമുള്ള ശ്രമമാണ് അഴിമതിക്കു വഴിവയ്ക്കുന്നത്. സ്വാർത്ഥത, അത്യാഗ്രഹം, സ്വജനപക്ഷപാതം എന്നിവ എവിടെ തലയുയർത്തുന്നോ അവിടെ അഴിമതിയും സംജാതമാകും.

രാഷ്ട്രീയപ്രവർത്തകരിലും പ്രസ്ഥാനങ്ങളിലും സംഭവിക്കുന്ന മൂല്യശോഷണമാണ് അഴിമതി സാർവ്വത്രികമായി വളരാൻ കാരണമാകുന്നത്. രാഷ്ട്രീയപ്പാർട്ടികളുടെ ലക്ഷ്യം അധികാരം മാത്രമാവുകയും രാഷ്ട്രീയപ്രവർത്തനം ഒരു തൊഴിലായി അധ:പതിക്കുകയും ചെയ്യുമ്പോൾ രാഷ്ട്രീയധാർമ്മികത കാലഹരണപ്പെട്ട ആശയമായി മാറുന്നു.

അഴിമതി നടമാടുന്ന പ്രധാന മേഖലയാണ് സർക്കാർ ഓഫീസുകൾ. കൈക്കൂലിയുടെയും രാഷ്ട്രീയസ്വാധീനത്തിന്റെയും വലയത്തിൽ പല സർക്കാർ ഉദ്യോഗസ്ഥരും വീണുപോകുന്നു. ട്രെയ്ഡ് യൂണിയൻ ബലമുള്ള ഉദ്യോഗസ്ഥരെ നിയന്ത്രിക്കാൻ സർക്കാരിനു പോലും പാടുപെടേണ്ടി വരുന്നു.

നിയമപാലകർ തന്നെയാണ് പലപ്പോഴും നിയമലംഘനം നടത്തുന്നത്. പണവും അധികാരവുമുണ്ടെങ്കിൽ ഏതു കേസ്സിൽ നിന്നും നിഷ്പ്രയാസം രക്ഷപ്പെടാം എന്ന ചിന്ത നിയമലംഘകർ വച്ചു പുലർത്തുന്നു.

സമൂഹത്തെ ബാധിച്ചിരിക്കുന്ന അഴിമതി നിർമ്മാർജ്ജനം ചെയ്യപ്പെടാത്തിടത്തോളം ഒരു രാജ്യത്തിനും പുരോഗതിയുണ്ടാവില്ല. കാര്യക്ഷമമായ നിയമനടപടികളിലൂടെയും സംഘടിതമായ ജനമുന്നേറ്റത്തിലൂടെയും മാത്രമേ അഴിമതി തുടച്ചു നീക്കാനാവൂ.

***

## മദ്യനിരോധനത്തിന്റെ ആവശ്യകത

മദ്യത്തിന്റെ ഉപയോഗം, വ്യാപനം എന്നിവ തടയുക എന്നതാണ് മദ്യനിരോധനം കൊണ്ട് അർത്ഥമാക്കുന്നത്. മദ്യം നൽകുന്ന സന്തോഷത്തെക്കാൾ പതിൻമടങ്ങാണ് അതുകൊണ്ടുണ്ടാകുന്ന ദോഷങ്ങൾ. മനുഷ്യനെ ദുരിതത്തിലേക്കും ചിലപ്പോൾ മരണത്തിലേക്കു പോലും നയിക്കുന്ന മദ്യത്തെ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഒഴിച്ചു നിർത്തേണ്ടത് സന്തോഷപൂർണ്ണമായ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്.

മദ്യപാനം നിരവധി രോഗങ്ങൾക്ക് കാരണമാകുന്നു. രക്തം ശുദ്ധിയാക്കുക എന്ന കരളിന്റെ പ്രവർത്തനം മദ്യപാനം കൊണ്ട് അധികമാകുന്നു. ഇങ്ങനെ അമിത ജോലി ചെയ്യുക വഴി കരളിന്റെ പ്രവർത്തനക്ഷമത ക്രമേണ നഷ്ടമാകുന്നു. സ്ത്രീകളിലെ മദ്യപാനം ഗർഭസ്ഥശിശുവിനെ മന്ദബുദ്ധിയും അംഗവൈകല്യമുള്ളതുമാക്കിത്തീർക്കുന്നു എന്ന് ആധുനിക പഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

വ്യക്തിപരവും സാമൂഹികവുമായ പല തിന്മകൾക്കും മദ്യപാനം കാരണമാകുന്നു. കുടുംബകലഹം, മോഷണം, അടിപിടി, പിടിച്ചുപറി തുടങ്ങിയവയ്ക്കെല്ലാം പലപ്പോഴും കാരണമാകുന്നത് മദ്യപാനമാണ്. പാവനവും സന്തുഷ്ടവുമായ കുടുംബബന്ധത്തെ മദ്യപാനം പാടേ നശിപ്പിച്ചുകളയുന്നു.

മദ്യപാനം സൃഷ്ടിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം സാമ്പത്തിക പരാധീനതയാണ്. അമിതമായ സാമ്പത്തികച്ചെലവ് ആവശ്യമുള്ള മദ്യപാനം കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയെ തകർക്കുകയും സമ്പന്ന കുടുംബത്തെപ്പോലും ദാരിദ്ര്യാവസ്ഥയിൽ എത്തിക്കുകയും ചെയ്യുന്നു.

മദ്യത്തിന്റെ പിടിയിൽ നിന്ന് രക്ഷ പ്രാപിക്കണമെങ്കിൽ ജനങ്ങൾക്കിടയിൽ ബോധവത്ക്കരണം ആവശ്യമാണ്. ശരീരശാസ്ത്രത്തെക്കുറിച്ചും മന:ശാസ്ത്രത്തെക്കുറിച്ചും അറിവു ലഭിക്കത്തക്കവണ്ണം ജനങ്ങൾക്കിടയിൽ പ്രചാരണം നടത്തണം. മദ്യത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കാൻ ആവശ്യമായ തുടർനടപടികൾ ജനങ്ങളും സർക്കാരും ചെയ്തെങ്കിൽ മാത്രമേ മദ്യനിരോധനം യാഥാർത്ഥ്യമാകുകയുള്ളു.

വിദ്യാഭ്യാസസ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ, രാഷ്ട്രീയപ്രസ്ഥാനങ്ങൾ, മതസ്ഥാപനങ്ങൾ എന്നിവ ശ്രമിച്ചാൽ മദ്യപാനം അനായാസം ദൂരീകരിക്കാനാവും. മദ്യപാനത്തെ സ്റ്റാറ്റസ് സിംബലായിട്ടല്ല സാമൂഹിക തിന്മയായി ചിത്രീകരിക്കുകയും ബോധപൂർവ്വമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം.

***

## വിദ്യാർത്ഥികളും സാമൂഹികകടമകളും

ഇന്നത്തെ വിദ്യാർത്ഥികളാണ് നാളത്തെ പൗരന്മാർ. നാളത്തെ സമൂഹത്തെയും രാജ്യത്തെയും നയിക്കേണ്ടത് ഇന്നത്തെ കുരുന്നു മനസ്സുകളാണ്. മൂല്യബോധവും അർപ്പണമനോഭാവവുമുള്ള കുട്ടികളായി വളർന്നെങ്കിൽ മാത്രമേ അവർക്ക് രാജ്യത്തെ ശരിയായ ദിശയിൽ നയിക്കാനും ഉത്തമപൗരന്മാരായി ജീവിക്കാനും കഴിയുകയുള്ളു.

വിദ്യാർത്ഥികളിൽ സാമൂഹികമായ അവബോധം സൃഷ്ടിക്കുക എന്നതാണ് പരമപ്രധാനമായ കാര്യം. പരിമിതമായ സമയപരിധിയിൽ നിന്നുകൊണ്ട് താൻ എന്തെല്ലാമാണ് ചെയ്യേണ്ടത് എന്തെല്ലാമാണ് ചെയ്യരുതാത്തത് എന്ന് ഓരോ കുട്ടിയും തിരിച്ചറിയണം. വിദ്യാസമ്പാദനത്തോടൊപ്പം, തന്നെ പരിപാലിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന സമൂഹത്തിന്, സേവനം ചെയ്യാനുള്ള ഉത്തരവാദിത്തവും കുട്ടികൾക്കുണ്ട്.

സമൂഹത്തിൽ അവശതയനുഭവിക്കുന്നവരെ കണ്ടെത്തി അവർക്ക് സഹായമെത്തിക്കുക എന്നത് സേവനരംഗത്ത് കുട്ടികൾക്ക് ചെയ്യാവുന്ന കർത്തവ്യങ്ങളിൽ ഒന്നാണ്. ദരിദ്രരും ആലംബഹീനരുമായ പാവങ്ങൾക്ക് സഹായഹസ്തമേകാൻ വിദ്യാർത്ഥികൾക്കു കഴിയണം. മിതവ്യയം ശീലിച്ചും സാധനങ്ങൾ ദുരുപയോഗം ചെയ്യാതെയും വിദ്യാർത്ഥികൾക്ക് ഭക്ഷണ സാധനങ്ങൾ ശേഖരിക്കാനും അശരണരെ സഹായിക്കാനും സാധിക്കും.

രാജ്യത്തിന്റെ വിവിധങ്ങളായ വളർച്ചയിൽ വിദ്യാർത്ഥികളുടെ പങ്ക് നിർണ്ണായകമാണ്. ദുരന്തങ്ങൾക്ക് വിധേയമാകുന്നവർക്ക് ആശ്വാസമെത്തിക്കുക, പരിസരശുചീകരണം നടത്തുക, പൊതുനിരത്തുകളും കുളങ്ങളും നിർമ്മിക്കുക, സാക്ഷരതാപ്രവർത്തനങ്ങളിൽ സഹായിക്കുക തുടങ്ങിയ കർമ്മങ്ങളിൽ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്.

അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ, ജാതീയമായ ഉച്ചനീചത്വങ്ങൾ തുടങ്ങി സമൂഹത്തിലെ ദുഷിച്ച പ്രവണതകൾക്കെതിരെ ശബ്ദമുയർത്താൻ വിദ്യാർത്ഥിസമൂഹത്തിന് കടപ്പാടുണ്ട്. അഴിമതി, പൊതുമുതൽ നശിപ്പിക്കൽ തുടങ്ങി സാമൂഹിക വിപത്തുകൾക്കെതിരെ പ്രതികരിക്കാനും എല്ലാവർക്കും തുല്യമായ നീതിയും സേവനവും ലഭ്യമാക്കാനും വിദ്യാർത്ഥികൾ മുന്നിട്ടിറങ്ങണം..

കലാകായികമണ്ഡലങ്ങളിൽ പുത്തനുണർവ് പകർന്നു കൊടുത്ത് സമൂഹത്തെ ചലനാത്മകമാക്കാൻ വിദ്യാർത്ഥികൾക്കു കഴിയും. കലാസമിതികൾ, സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ എന്നിവയിലൂടെയെല്ലാം വിദ്യാർത്ഥികൾക്ക് രാജ്യാഭിവൃദ്ധിയിൽ പങ്കാളികളാവാൻ സാധിക്കും. ചുരുക്കത്തിൽ, സാമൂഹിക കടമകളെക്കുറിച്ച് വ്യക്തമായ ധാരണയുള്ള ഇന്നത്തെ വിദ്യാർത്ഥിസമൂഹമാണ് രാജ്യത്തിന്റെ നാളത്തെ വളർച്ച നിർണ്ണയിക്കുന്നത് എന്നു പറയാം.

***